**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും**

**സർക്കുലർ നമ്പർ: 144**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ വിശുദ്ധ തോമസ് അപ്പൊസ്തലൻ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി ഭാരതത്തിൽ എത്തിയതിനെയോർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയുടെ വിവിധങ്ങളായ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനുമായി എല്ലാ വർഷവും ഡിസംബർ 21 -ാം തീയതി നാം സഭാ ദിനമായി വേർതിരിച്ച് ആചരിച്ചുവരുന്നു. ഈ വർഷം ഡിസംബർ മാസം 21-ാം തീയതി ശനിയാഴ്ചയാണ് സഭാ ദിനമായി നാം ആചരിക്കുന്നത്. ക്രിസ്തുവിനോടുകൂടെ മരിക്കാൻ തയ്യാറാകുന്ന ശിഷ്യത്വം എന്നതാണ് ഈ വർഷത്തെ സഭാദിനത്തിലെ ചിന്താവിഷയം. ത്യാഗോജ്ജ്വലമായി ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് നമ്മെത്തന്നെ വിനയപ്പെടുത്താം. സഭാംഗങ്ങളുടെ അചഞ്ചലമായ വിശ്വാസത്തിലും പ്രാർത്ഥനയിലുമാണ് സഭ നിലനില്ക്കുന്നത്. ഈ വിശ്വാസ സാക്ഷ്യം കാത്തു സൂക്ഷിച്ചുകൊണ്ട് സഭയുടെ പുതുക്കത്തിനും ഉണർവിനും ദൈവജനത്തിന്റെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന ഏറ്റവും ആവശ്യമാണ്. സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കാളിത്തം വഹിക്കുന്ന എല്ലാവർക്കായും പ്രവർത്തനങ്ങളുടെ അനുഗ്രഹങ്ങൾക്കായും പ്രാർത്ഥിക്കാം.

നമ്മുടെ എല്ലാ ഇടവകകളിലും അന്നേ ദിവസം വിശുദ്ധ കുർബാന ശുശ്രൂഷയും പ്രത്യേക ധ്യാനവും നടത്തണം. അതത് ഇടവകകളായോ അടുത്തുള്ള ഇടവകകൾ ചേർന്നോ ആരാധന ക്രമീകരിക്കാവുന്നതാണ്. കർത്താവിലുള്ള വിശ്വാസത്തിൽ ബലപ്പെട്ട്, ദൗത്യ നിർവഹണത്തിൽ ക്രിയാത്മകമായി പങ്കുചേരുന്നതിനും ആഴമായ സമർപ്പണത്തോടെ പ്രവർത്തിക്കുന്നതിനും ദൈവം നമ്മെ സഹായിക്കട്ടെ.

സഭാ ദിനത്തിൽ ആരാധനാമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച സഭയുടെ സെന്റ് തോമസ് എപ്പിസ്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതിനാൽ ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയയ്ക്കണം.

നവീകരണ ദർശനത്തോടും കാലഘട്ടത്തിന് അനുസൃതമായും ദൗത്യമേഖലകളിൽ ഉത്തമകാര്യവിചാരകരായി പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 നവംബർ 19-ാം തീയതി,

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**